**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6338** **10-07-2024 - ൽ മറുപടിയ്ക്ക്**

**കൊച്ചിയിലെ ജലവിതരണ ശൃംഖലയുടെ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എ.ഡി.ബി. വായ്പ സഹായത്തോടെ നടപ്പാക്കി വരുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റിൽ കൊച്ചിയിലെ ജലവിതരണ ശൃംഖലയുടെ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് കരാർ ഏൽപ്പിക്കാൻ വ്യവസ്ഥയുണ്ടോ; | (എ) | എ.ഡി.ബി. വായ്പ സഹായത്തോടെ കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (കെയുഡബ്ല്യുഎസ്ഐപി) കൊച്ചി, തിരുവനന്തപുരം എന്നീ രണ്ട് നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്.<br><br>കൊച്ചി കോർപ്പറേഷനിൽ നടപ്പിലാക്കുവാൻ ഉദ്ദേശിയ്ക്കുന്ന പദ്ധതിയിൽ ജല വിതരണ ശൃംഖല നവീകരിയ്ക്കലും, വിപുലപ്പെടുത്തലും പത്ത് വർഷത്തേയ്ക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (0&M)ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത കരാറുകാർക്ക് ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് കരാർ കൈമാറുകയാണെങ്കിൽ നിലവിലുള്ള ജീവനക്കാരുടെ കാര്യത്തിൽ എന്തു തീരുമാനമായിരിക്കും കൈക്കൊള്ളുക എന്ന് അറിയിക്കുമോ? | (ബി) | ജീവനക്കാരുടെ ആശങ്കകൾ ദൂരീകരിച്ച് പദ്ധതി നടപ്പിലാക്കാൻ വേണ്ടി ചർച്ചകൾ നടത്തിയിട്ടുണ്ട്. ആവശ്യമെങ്കിൽ തുടർ ചർച്ചകൾ നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ